
# ആദിവാസി

## ഭാഷ – സംസ്കാരം

എഡിറ്റർ: ഹസ്ക്കറലി ഇ.സി.



**Aadivasi Bhasha - Samskaram :** Compilation of papers of the Seminar on Tribal Language and Culture held on 7 and 8 December 2016 in collaboration with Institute of Tribal Studies and Research, Calicut University Centre, Chethalayam, edited by Haskerali E. C., Sahitya Akademi, 2019, Rs. 160/-

പകർപ്പവകാശം : © സാഹിത്യ അക്കാദമി
സമ്പാദകൻ : ഹസ്ക്കറലി ഇ.സി.
ഉള്ളടക്കം : സെമിനാർ പേപ്പറുകളുടെ സമാഹരണം
പ്രസാധകർ : സാഹിത്യ അക്കാദമി
ആദ്യ പ്രസിദ്ധീകരണം : 2019

ISBN : 978-93-89195-34-7

വില : രൂ. 160/-

All rights reserved. No part of this book may be reproduced or utilized in any form or by any means, electronic or mechanical including photocopying, recording or by any information storage and retrival system, without permission in writing from Sahitya Akademi.

**സാഹിത്യ അക്കാദമി**

**ഹെഡ് ഓഫീസ് :** രബീന്ദ്ര ഭവൻ, 35, ഫിറോസ്ഷാ റോഡ്, ന്യൂഡൽഹി -110 001
secretary@sahitya-akademi.gov.in, 011-23386626/27/28

**വിതരണം :** 'സ്വാതി', മന്ദിർ മാർഗ്, ന്യൂഡൽഹി -110 001
sales@sahitya-akademi.gov.in, 011-23745297, 23364204

**കൊൽക്കത്ത :** 4, ഡി.എൽ. ഖാൻ റോഡ്, കൊൽക്കത്ത - 700 025
rs.rok@sahitya-akademi.gov.in, 033-24191683/ 24191706

**ചെന്നൈ :** 443, ഗുണാ ബിൽഡിംഗ്സ്, അണ്ണാശാലൈ, തേയ്നാംപേട്ട്, ചെന്നൈ-600 018
chennaioffice@sahitya-akademi.gov.in, 044-24354815 / 24311741

**മുംബൈ :** 172, മുംബൈ മറാത്തി ഗ്രന്ഥസംഗ്രഹാലയ മാർഗ്, ദാദർ, മുംബൈ - 400 014
rs.rom@sahitya-akademi.gov.in, 022-224135744/ 24131948

**ബെംഗളൂരു :** സെൻട്രൽ കോളേജ് കാമ്പസ്, ഡോ. ബി.ആർ. അംബേദ്കർ വീഥി, ബെംഗളൂരു-560 001
rs.rob@sahitya-akademi.gov.in, 080-22245152, 22130870

കവർ ഡിസൈൻ : ഷാഹുൽ അലിയാർ

Laser typest by Omega, Bengaluru | Printed by Kruthika Print Ad., Bengaluru

website : http://www.sahitya-akademi.gov.in

# ഉള്ളടക്കം


ആമുഖം 7

1. ഗോത്രഭാഷയും സംസ്കാരവും 13
   - നാരായൻ

2. വിദ്യാഭാസവും പഠനമാധ്യമവും ആദിവാസിപശ്ചാത്തലത്തിൽ 21
   - സോമനാഥൻ പി.

3. പശ്ചിമഘട്ടം- ആവാസവ്യവസ്ഥയും അതിജീവനരൂപങ്ങളും : ചരിത്രപരമായ നിരീക്ഷണം 33
   - കെ. എസ്. മാധവൻ

4. മായുന്ന ഗോത്രസമൂഹം 51
   - പി. വി. മിനി

5. ഇടുക്കി: ഗോത്രവിഭാഗങ്ങളുടെ സാമൂഹികപരിണാമം 69
   - എം. ബി. മനോജ്

6. പി. കെ. കാളൻ അടിയാൻ വിഭാഗക്കാരുടെ ഗോത്രകലയുടെയും രാഷ്ട്രീയത്തിന്റെയും പ്രതിനിധാനം 79
   - മുഹമ്മദ് ഷഫീക്ക് ടി.

7. ഗോത്രജീവിതവും മലയാളസിനിമയും : പ്രതിനിധാനത്തിന്റെ പ്രശ്നങ്ങൾ 90
   - ആർ. വി. എം. ദിവാകരൻ

# 6

# പി.കെ. കാളൻ
# ഗോത്രകലയുടെയും രാഷ്ട്രീയത്തിന്റെയും പ്രതിനിധാനം

– മുഹമ്മദ് ശഫീഖ് ടി.

**വം**ശീയവും പരമ്പരാഗതവുമായ വിശ്വാസത്തിന്റെയും സാംസ്കാരിക വ്യവഹാരങ്ങളുടെയും പ്രചാരത്തിന്റെയും പരിണാമത്തിന്റെയും ഘട്ടങ്ങളിൽ സവിശേഷമായ ഇടപെടലുകൾ നടത്തുന്ന വ്യക്തികളെയോ പ്രസ്ഥാനങ്ങളെയോ പലപ്പോഴും കാണാനാകും. അനിവാര്യമായ ഒരു സന്ദർഭത്തിന്റെയോ ആവശ്യമായ പരിണാമത്തിന്റെയോ കൂടെ നിൽക്കാൻ അവർ നിർബന്ധിതരാകുന്നതിലുപരി തങ്ങളുടെ സാന്നിധ്യവും താത്പര്യവും മുൻനിർത്തിയുള്ള പ്രവർത്തനം കൂടി അവിടെ നടക്കുന്നു. വയനാട്ടിലെ വിവിധ ഗോത്രവിഭാഗങ്ങളിൽ പലരീതിയിലുള്ള കലകൾ പ്രചാരത്തിലുണ്ടെങ്കിലും അവയിൽ ഗോത്രചുറ്റുപാടുകൾക്കപ്പുറം കുടുതൽ പ്രചാരം നേടിയ അനുഷ്ഠാന കലയായ അടിയവിഭാഗക്കാരുടെ ഗദ്ദികയുടെ പ്രചാരത്തിലും ജനകീയതയിലും മുഖ്യപങ്ക് വഹിക്കുകയും ഗോത്രസമുദ്ധാരണങ്ങളിലും പൊതുരാഷ്ട്രീയത്തിലും സാംസ്കാരിക പ്രവർത്തനങ്ങളിലും സജീവമാവുകയും ചെയ്ത വ്യക്തിയാണ് പി.കെ കാളൻ. അദ്ദേഹത്തിന്റെ ഗോത്രജീവിതത്തിലും രാഷ്ട്രീയത്തിലുമുള്ള സ്വന്തം അനുഭവങ്ങളെയും സമീപനങ്ങളെയും നിലപാടുകളെയും പരിശോധിക്കുകയാണ് ഈ പ്രബന്ധം.

ഇരുപതാം നൂറ്റാണ്ടിന്റെ പകുതി മുതലുള്ള ആദിവാസി നവോത്ഥാന പ്രവർത്തനങ്ങളുടെ ചരിത്രത്തിൽ പതിഞ്ഞുകിടക്കേണ്ട

നാമമാണ് പി.കെ കാളന്റേത്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ആകെകൂട്ടി വിലയിരുത്തുമ്പോൾ പ്രധാനമായും മൂന്നു മേഖലക ളായി തിരിക്കാൻ കഴിയും. ഒന്ന്-സ്വന്തം ഗോത്രത്തിനകത്തെ നവോ ത്ഥാന പ്രവർത്തനങ്ങൾ. രണ്ട്-ഗദ്ദിക എന്ന ആദിവാസി അനുഷ്ഠാന കലയുടെ ജനകീയ പ്രവർത്തനങ്ങൾ. മൂന്ന്-പൊതുരാഷ്ട്രീയ പ്രവർ ത്തനങ്ങൾ.

**ജീവിതം**

വയനാട് ജില്ലയിലെ മാനന്തവാടിക്കടുത്ത തൃശ്ശിലേരി കൈതവള്ളി കോളനിയിലെ കറുത്തമ്മയുടെയും കൊളുമ്പന്റെയും മകനായാണ് പി.കെ കാളൻ ജനിച്ചത്.(ജനിച്ച വർഷം 1937 ലാണെന്ന് ചിലയിടത്ത് കാണുന്നുണ്ടെങ്കിലും അഭിപ്രായവ്യത്യാസമുണ്ട്) വയനാട്ടിലെ ആദി വാസി വിഭാഗങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന ഗോത്രങ്ങളിൽ ഒന്നായ അടിയ വിഭാഗത്തിൽ പിറന്ന കാളന്റെ ജീവിതം ഒട്ടനേകം പൊള്ളുന്ന അനുഭവങ്ങളിലൂടെയാണ് കടന്നുപോയത്. പിറവി തന്നെ ഒരു ദുരിത സന്ദർഭമായിരുന്നുവെന്ന് പി.കെ. കാളൻ സാക്ഷ്യപ്പെടു ത്തുന്നു:

"അടിമകളായിരുന്ന എന്റെ അച്ഛനും അമ്മയ്ക്കും 13 മക്കൾ പിറ ന്നിരുന്നു. പത്തും മരിച്ചു. പതിനൊന്നാമനായിട്ടാണ് ഞാൻ പിറന്നത്. ജനിച്ചപ്പഴേ മരിക്കും എന്ന അവസ്ഥയിലായിരുന്നു. മരിക്കാറായി കിട ക്കുന്ന എന്നെയും നോക്കി അച്ഛനും അമ്മയും കരഞ്ഞു. അപ്പോ ഴാണ് ഞങ്ങളുടെ മൂപ്പനില്ലേ-അതായത് ഗദ്ദിക നടത്തുന്ന ആൾ- അദ്ദേഹം കുടിലിൽ വന്നു. അച്ഛനുമമ്മയും അദ്ദേഹത്തോടു പറഞ്ഞു: ഇവനും കൂടി മരിച്ചാൽ ഞങ്ങളെന്തിനാണ് ജീവിക്കുന്നത്. ഞങ്ങളും മരിക്കും. ഞങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ 'നാങ്ക എനത്തെങ്കു ജീവിക്കുഞ്ചെയ്' എന്ന് ചോദിച്ചു. മൂപ്പൻ കുറച്ചു നേരം അവരെ രണ്ടു പേരെയും നോക്കി നിന്നു. എന്നിട്ടു പറഞ്ഞു: ഞാൻ നാളെ വൈ കുന്നേരം വരും. ഒരു പച്ചില മരുന്നിന്റെ പേരു പറഞ്ഞിട്ട് അത് ഞാൻ നാളെ വരുമ്പോഴേക്കും കൊണ്ടുവന്ന് വയക്കണമെന്നു പറഞ്ഞു. പിറ്റേദിവസം മൂപ്പൻ വന്നു. അദ്ദേഹം കുറച്ചു പച്ചില മരുന്നുകൾ കൊണ്ടുവന്നിരുന്നു. അച്ഛൻ കൊണ്ടുവച്ചിരുന്ന ഇലകളും മൂപ്പൻ കൊണ്ടുവന്ന ഇലകളും കൂടി ചേർത്തി പിഴിഞ്ഞു മരുന്നുണ്ടാക്കി അമ്മയുടെ കയ്യിൽ കൊടുത്തു. എന്നിട്ട് അമ്മയോട് പറഞ്ഞു. പക്ഷേ നിനക്ക് ഭാഗ്യമുണ്ടെങ്കിൽ ഇവൻ ജീവിക്കും. അതുകൊണ്ട് മരുന്ന് കൊടുക്കുക. ജീവൻ കിട്ടുകയാണെങ്കിൽ മടിയിലെടുത്ത്വെച്ച്

'കാളപ്പാ എന്നു പേര് വിളിക്കണം.' ഇതും പറഞ്ഞ് മൂപ്പൻ പോയി. അമ്മ എന്റെ വായിൽ മരുന്ന് ഒഴിച്ച് തന്നു. പക്ഷേ ഞാനുണർന്നില്ല. മരിച്ചതു പോലെതന്നെ കിടക്കുകയായിരുന്നു. മൂപ്പരുടെ വാക്കുകളിൽ വളരെയധികം വിശ്വാസം ഉള്ള വിഭാഗത്തിൽപ്പെട്ടവരാണ് എന്റെ വർഗക്കാർ. എന്റെ അച്ഛനും അമ്മയും എന്നിട്ടും കാത്തിരുന്നു. കുറേ കഴിഞ്ഞപ്പോൾ ഞാൻ ചലിച്ചു. കരഞ്ഞു. ജീവിക്കുമെന്ന് കണ്ടപ്പോൾ മടിയിലിരുത്തി അമ്മ "കാളപ്പാ എന്നു വിളിച്ചു."(പി.കെ കാളൻ: ആദിവാസി ജീവിതത്തിന്റെ സമരമുഖം-പുറം: 25)

ജീവിതത്തിൽ വരാൻ പോകുന്ന അതിജീവനപാഠങ്ങളുടെ ആരംഭമായി പി.കെ കാളന്റെ ജൻമസന്ദർഭം നിലകൊണ്ടു. സ്കൂളിൽ പോകാനോ ഔപചാരിക വിദ്യാഭ്യാസം നേടാനോ ഉള്ള സാഹചര്യം പി.കെ കാളനും തന്റെ ഗോത്രവിഭാഗത്തിനും ഉണ്ടായിരുന്നില്ല. എന്നാൽ, വിധിയിലും കിട്ടിയ ചുറ്റുപാടിലും തളർന്നിരിക്കാതെ അക്ഷരം പഠിക്കാൻ മനസ് കാണിക്കുകയായിരുന്നു അദ്ദേഹം. മലയാള അക്ഷരമാല പഠിച്ച് സാക്ഷരത നേടിയ കാളൻ ഒരു ഘട്ടത്തിൽ വയനാട്ടിലെ ഏറ്റവും നല്ല സാക്ഷരതാ പ്രവർത്തകനുള്ള അവാർഡ് നേടുകയും ചെയ്തു. കുടകിലെ മാതുകൊടകന്റെ കീഴിൽ അടിമയായിരുന്ന കാലത്ത് കന്നട, കുർഗി ഭാഷകളും ഒരു തമിഴ് കുടുംബത്തിന്റെ കീഴിൽ അടിമത്തൊഴിലാളിയായിരുന്ന കാലത്ത് തമിഴ് ഭാഷയും പഠിച്ചു.

**അടിമത്തം**

അടിയാൻ വിഭാഗക്കാരനാണ് പി.കെ കാളൻ. വയനാടിന്റെ വിവിധ ഭാഗങ്ങളിൽ അടിയാൻ വിഭാഗം താമസിക്കുന്നുണ്ട്. തിരുനെല്ലി, തൃശിലേരി, ബാവലി, പുൽപ്പള്ളിക്കടുത്ത ചില പ്രദേശങ്ങൾ, ഒണ്ടയങ്ങാടി, പനമരം ഭാഗം തുടങ്ങിയ പ്രദേശങ്ങളിലാണ് അവർ പ്രധാനമായും ഉള്ളത്. കർണാടകയിലെ കുടകിൽനിന്നാണ് അവർ വയനാട്ടിലെത്തിയത് എന്നു കരുതുന്നു. കുടകിൽ റാവുള്ളർ എന്നാണ് ഈ വിഭാഗം അറിയപ്പെട്ടിരുന്നത്. വയനാട്ടിൽ വന്ന് ജന്മിമാരുടെ അടിമകളായി കഴിഞ്ഞതിനു ശേഷമാണ് ഇവർക്ക് അടിയാൻ എന്ന പേര് വന്നത്. പക്ഷേ, ഇവർക്കിടയിൽ ഇപ്പോഴും പരസ്പരം അഭിസംബോധന ചെയ്യാൻ ഉപയോഗിക്കുന്ന വാക്ക് റാവുള്ളർ എന്നു തന്നെയാണ്. ജൻമിത്വത്തിന്റെയും അടിമത്തത്തിന്റെയും അടയാളം വഹിക്കുന്ന ഒരു വിശേഷണം അവർക്ക് വെറുപ്പാണെന്ന് പി.കെ കാളന്റെ മരുമകനും ഗദ്ദികകലാകാരനുമായ പി.കെ. കരിയൻ പറഞ്ഞു. (കേന്ദ്ര

സാഹിത്യഅക്കാദമി വയനാട് ചെതലയം ട്രൈബൽ സ്റ്റഡീസ് സെന്ററിൽ നടത്തിയ പ്രസംഗത്തിൽ പറഞ്ഞത്-08-12-16)

പി.കെ കാളൻ 35 വർഷം അടിമത്തൊഴിലാളിയായിരുന്നു. കാളന്റെ തൊട്ടുമുമ്പുള്ള തലമുറവരെ ഒരു ഉടമയുടെ കീഴിൽ മരണം വരെ അടിമയായി കഴിയുന്ന രീതിയായിരുന്നുവെങ്കിൽ കാളന്റെ തല മുറയോടെ അടിമത്തം വർഷാവർഷം പുതുക്കിപ്പണിയടുന്ന രീതി യായി മാറി. വള്ളിയൂർകാവ് ക്ഷേത്രോത്സവത്തോടനുബന്ധിച്ചാണ് അടിമക്കച്ചവടം നടക്കുക. തൊട്ടടുത്ത ഉത്സവം വരെയാണ് കാലാ വധി. അതേകുറിച്ച് 'കേരളത്തിലെ ആഫ്രിക്ക' എന്ന പുസ്തകത്തിൽ കെ.പാനൂർ ഇങ്ങനെ എഴുതുന്നു:

'വള്ളിയൂർകാവിലെ അടിമക്കച്ചവടം നൂറ്റാണ്ടുകളായി തുടർന്നു വന്ന ഒരേർപ്പാടായിരുന്നു എന്നതാണ് സത്യം. മാനന്തവാടിക്ക ടുത്തുള്ള വള്ളിയൂർകാവിൽ മീനം ഒന്നാം തീയതി ഉത്സവം തുട ങ്ങുന്നു. 14 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവകാലത്ത് വയനാട്ടിലെ പണിയരും അടിയരും വള്ളൂരമ്മയുടെ മുമ്പാകെ എത്തിച്ചേരുന്നു. വയനാട്ടിലെ ജന്മിമാരും അന്ന് അവിടെ എത്തും. ഓരോ ജന്മിയും ഒരു കൊല്ലക്കാലം അതായത് വള്ളിയൂർകാവിലെ അടുത്തകൊ ല്ലത്തെ ഉത്സവം തുടങ്ങുന്നതുവരെ തന്റെ വയലിൽ അടിമജോലി ചെയ്തുകൊള്ളാമെന്ന കരാറിന്മേൽ കാലിച്ചന്തയിൽനിന്ന് കന്നുകാ ലികളെ തെരഞ്ഞെടുക്കുന്ന മട്ടിൽ, ഒരു കൂട്ടം പണിയരെയും അടി യരെയും അന്നവിടെവച്ച് വള്ളിയൂർകാവിലെ ഭദ്രകാളിയുടെ മുമ്പാകെ അടിമപ്പണം കൊടുത്ത് വിലയ്ക്കെടുക്കുന്നു. വിവാഹം കഴിഞ്ഞവരാണെങ്കിൽ ആണിന് 10 ക. തോതിലും പെണ്ണിന് 5 ക. തോതിലും അടിമപ്പണം കൊടുക്കും. വിവാഹം കഴിഞ്ഞിട്ടില്ലാത്ത വർക്ക് 2 ക. തോതിൽ മാത്രമേ വിലയുള്ളൂ. ജന്മിമാർ ഈ ചടങ്ങ് കാവിൽവച്ച് നടത്തുന്നതിന്റെ കാരണം ഊഹിക്കാവുന്നതേയുള്ളൂ. വള്ളൂരമ്മ ആദിവാസികൾ വളരെയേറെ ഭയപ്പെടുന്ന ദേവതയാണ്. അവർക്ക് ദീനം ഉണ്ടാക്കുന്നതും സുഖപ്പെടുത്തുന്നതും ഈ ദേവത യാണ്. അതുകൊണ്ട് വള്ളൂരമ്മ സാക്ഷിയായി നടക്കുന്ന കരാർ പാലിക്കേണ്ടത് തങ്ങളുടെ കടമയായി അവർ കരുതുന്നു. പ്രവൃത്തി യിൽ ഉപേക്ഷ കാണിക്കുകയോ ഒളിച്ചോടിപ്പോവുകയോ ചെയ്താൽ ഭദ്രകാളി കോപിക്കുകയും കഠിന രോഗംവരുത്തി ശിക്ഷിക്കുകയും ചെയ്യുമെന്നാണ് അവരുടെ വിശ്വാസം. ദേവന്മാരും ജന്മിമാരും തമ്മിൽ അങ്ങനെയൊരു ധാരണയുണ്ടായിരുന്നു! കഴിഞ്ഞ കാലങ്ങളിൽ അങ്ങനെ ഒളിച്ചോടിയവരെ പിടിച്ച് തിരിച്ചേൽപ്പിക്കാൻ പൊലീസും

കൂടി സഹായിച്ചിരുന്നുപോൽ! ഒരടിമയായാൽ ജന്മിയുടെ വയൽക്കരയിൽത്തന്നെ കുടുമ്പുകെട്ടി താമസിക്കാനുള്ള സൗകര്യം അനുവദിച്ചുകിട്ടും. അങ്ങനെ വള്ളൂരമ്മയുടെ പ്രീതിക്കുവേണ്ടി എന്നതിലേറെ ജന്മി നൽകുന്ന താമസസൗകര്യത്തിനും 'കാടിക്കഞ്ഞി'ക്കുള്ള വകക്കും വേണ്ടി അവർ അടിമകളായി ജീവിക്കുകയായിരുന്നു (കേരളത്തിലെ ആഫ്രിക്ക, പുറം:99).

കന്നുകാലികളെ പോലെ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന ഒരു വസ്തു മാത്രമായിരുന്നു അടിമത്തകാലത്തെ ആദിവാസികൾ. ശൂലപാണി വാര്യർ, രാമവാര്യർ(കുളിർമാവ്), അനന്തൻ കമ്പോണ്ടർ (പ്ലാമൂല), പരമേശരയ്യർ (ചിറമൂല), അഗസ്ത്യൻ(നരിപ്പറ്റ), അമ്പു അയ്യർ സ്വാമി(കൈതവള്ളി), മാതുകൊടകൻ(കുടകിലെ വീരകം), അപ്പയ്യർ പട്ടർ (എടപ്പാടി) തുടങ്ങിയവരായിരുന്നു കാളന്റെ ഉടമകൾ.

ആദിവാസികളെ അടിമകളാക്കുന്ന വ്യവസ്ഥിതിക്കെതിരെ 1950 കളിലാണ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ പ്രതിഷേധമുയരുന്നത്.

"കർഷക തൊഴിലാളികളായ ആദിവാസികളെ അടിമകളായി കരുതുന്ന ഈ സമ്പ്രദായത്തിനെതിരെ സംഘടിതമായ പ്രതിഷേധമുയരുന്നത് 1953 ലാണ്. എ.കെ.ജി.യുടെയും കെ.എ. കേരളീയന്റെയും മുൻകൈയിൽ വയനാട്ടിൽ രൂപീകൃതമായ കർഷകത്തൊഴിലാളി യൂനിയൻ, നെല്ലിനു പുറമെ ഒരു രൂപ നിത്യകൂലിയും വേണമെന്ന് ആവശ്യമുന്നയിച്ചു. പുരുഷൻമാർക്ക് നൽകുന്ന രണ്ടു സേർ നെല്ല് മൂന്നു. സേറായും സ്ത്രീകളുടെ ഒരു സേർ രണ്ടു സേറായും വർദ്ധിപ്പിക്കാൻ യൂനിയൻ പനമരം സമ്മേളനത്തിൽ ജന്മിമാരോടാവശ്യപ്പെട്ടു." (ഒ.കെ ജോണി, വയനാട് രേഖകൾ-156)

ആദിവാസി അടിമക്കച്ചവടം 1964 ൽ കേരള നിയമസഭയിൽ ചർച്ചയായി. നീലേശ്വരം സംവരണ മണ്ഡലത്തിൽനിന്നുള്ള എം.എൽ.എ. ഒ. കോരൻ വയനാട്ടിലെ ആദിവാസികൾ ജൻമിമാരുടെ അടിമകളായി 1964 ലും കഴിയുന്നുവെന്ന് ചൂണ്ടിക്കാട്ടി നിയമസഭയിൽ പ്രസംഗിച്ചു.

1977-ൽ കേരളനിയമസഭ അടിമപ്പണി റദ്ദാക്കൽ നിയമം പാസാക്കി. അതോടെ ആദിവാസി വിഭാഗങ്ങൾക്ക് അടിമത്തത്തിൽ നിന്ന് മോചനം ലഭിച്ചു. അടിയാൻമാർ അതിനു ശേഷവും ആ പേരിൽതന്നെ അറിയപ്പെട്ടു.

പി.കെ. കാളൻ ഉൾപ്പടെയുള്ളവരുടെ കീഴാളപക്ഷ രാഷ്ട്രീയ പ്രവർത്തനം കൊണ്ടുവന്ന അവബോധത്തിൽനിന്നാണ് കേരളം

ചരിത്രപരമായ ഇങ്ങനെയൊരു തീരുമാനത്തിലേക്ക് ഉണരുന്നത്. ഗോത്ര സ്വത്വത്തിന്റെ ഉയർത്തെഴുന്നേൽപ്പും വിമോചനവും സാധ്യമാക്കിയ സമരങ്ങളായിരുന്നു വയനാട്ടിലെ ആദിവാസി ഗോത്രവിഭാഗങ്ങളിൽ നടന്നത്. അടിമത്ത നിരോധനത്തനു ശേഷവും അതിന്റെ ക്രിയാത്മകഫലം കാണുന്നതിനുവേണ്ടിയുള്ള നീക്കങ്ങൾ പി.കെ കാളൻ നടത്തി."അടിമത്തനിരോധന വേളയിൽ വള്ളിയൂർക്കാവിൽ നടന്ന സമ്മേളനത്തിൽ, കേന്ദ്ര സഹമന്ത്രി മൗര്യയുടെ സാന്നിധ്യത്തൽ, ഇതിനകം കമ്യൂണിസ്റ്റായി കഴിഞ്ഞിരുന്ന കാളേട്ടൻ മൂന്നു കാര്യങ്ങൾ കൂടി നടപ്പിലാക്കാൻ ആവശ്യപ്പെട്ടു. തൊഴിൽ, പുനരധിവാസം, വിദ്യാഭ്യാസം എന്നിവ. ഇവ ആദിവാസികൾക്കു നൽകിയാലേ അടിമത്ത നിരോധനം പൂർണമാകൂ എന്നദ്ദേഹം പറഞ്ഞു." (പി.കെ കാളൻ: ആദിവാസി ജീവിതത്തിന്റെ സമര മുഖം, പുറം: 17) ആദിവാസി സമൂഹത്തിന്റെ സാമൂഹിക, രാഷ്ട്രീയ ഉള്ളടക്കം അറിയുന്ന ഒരു നേതാവിന്റെ ശബ്ദമായിരുന്നു അവിടെ മുഴങ്ങിയത്.

**ഗോത്രപരിഷ്കരണം**

സ്വന്തം ഗോത്രത്തിന്റെ പരിഷ്കരണവും ഭൗതികപുരോഗതിയും മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങൾക്ക് പി.കെ. കാളൻ നേതൃത്വം നൽകി. അതിവിപ്ലവത്തിലൂടെ സമുദായപ്രവർത്തനങ്ങൾ നടത്തുന്നതിനുപകരം ഒരു പ്രബോധകന്റെ മനശാസ്ത്ര സമീപനമാണ് സമുദായസമുദ്ധാരണത്തിൽ അദ്ദേഹം സ്വീകരിച്ചത്. സ്വന്തം ഗോത്രത്തിലെ ഓരോ വ്യക്തിയെയും നേരിൽ കണ്ടും വീടുകളിൽ കയറിയിറങ്ങിയും അദ്ദേഹം പ്രബോധന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഗോത്രതലവൻ എന്ന പദവിയും സ്വാധീനവും തന്റെ ജനതയുടെ നവോത്ഥാനപ്രവർത്തനങ്ങൾക്കു വേണ്ടിയാണ് അദ്ദേഹം ഉപയോഗിച്ചത്. മരണം വരെ കാളേട്ടൻ അടിയവിഭാഗം ഗോത്രതലവനായിരുന്നു. വിദ്യാഭ്യാസമാണ് ഒരു ജനതയുടെ അടിസ്ഥാനആവശ്യമെന്നതുകൊണ്ടുതന്നെ ഗോത്രജനതക്ക് അറിവ് നൽകാനുള്ള പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകി. തന്റെ പെങ്ങളുടെ മകൻ പി.കെ കരിയനെ തൃശിലേരി എൽ.പി സ്കൂളിൽ ചേർത്തുകൊണ്ട് അതിന് പ്രായോഗികമായി തുടക്കം കുറിക്കുകയും ചെയ്തു. തൃശിലേരി പ്രദേശത്തു നിന്നും സ്കൂൾപ്രവേശനം നേടുന്ന ആദ്യഗോത്രവിഭാകക്കാരനായി അങ്ങനെ കരിയൻ മാറി. ഒൻപതാം ക്ലാസ് വരെയാണ് കരിയൻ സ്കൂൾപഠനം നേടിയത്.

ഗോത്രജീവിതത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളെയും പിന്തിരിപ്പൻ കാഴ്ചപ്പാടുകളെയും കുറിച്ച് പി.കെ. കാളൻ ഗോത്രാം

ഗങ്ങളെ ബോധ്യപ്പെടുത്തുകയും പതുക്കെ അവയിൽനിന്ന് മോചനം നേടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. മരണാനന്തര കർമങ്ങളുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന ചില ചടങ്ങുകൾ പരിഷ്കരിച്ചത് കാളന്റെ സമുദായപ്രവർത്തനങ്ങളുടെ ഉദാഹരണമാണ്. പുരുഷനാണ് മരിച്ചതെങ്കിൽ അയാളുടെ ഭാര്യയ്ക്ക് ഒരു വർഷം പുറത്തിറങ്ങാനോ കുളിക്കാനോ പാടില്ലായിരുന്നു. നല്ല വസ്ത്രം ധരിക്കാൻ പാടില്ല. എണ്ണ തേയ്ക്കാൻ പാടില്ല. ഒന്ന് മുറുക്കാൻ പോലും പാടില്ലായിരുന്നു. അതിനു ഒരു മാറ്റം വരുത്തിയത് കാളനായിരുന്നു. മരിച്ചയാളുടെ ഭാര്യ പുറത്തിറങ്ങാതിരിക്കുന്നത് ഇപ്പോൾ 13 ദിവസം വരെ മാത്രമാണ്. മരിച്ചാൽ നടത്തുന്ന 'പൊല' കളുമായി ബന്ധപ്പെട്ടും കാളൻ ചില പരിഷ്കരണങ്ങൾ വരുത്തി. ഒരാൾ മരിച്ചാൽ അയാൾക്കു വേണ്ട കർമങ്ങൾ തീർക്കുക എന്നാണ് 'പൊല'കൊണ്ടുള്ള ഉദ്ദേശ്യം. മരിച്ചതിന്റെ പതിമൂന്നാം ദിവസം, നാൽപത്തി ഒന്നാം ദിവസം, ഒന്നാം വർഷം എന്നീ നേരങ്ങളിലാണ് 'പൊല' നടത്തുക. ഈ ദിവസങ്ങളിൽ 'പൊല' നടത്തുക നാട്ടുമൂപ്പൻമാരാണ്. അവർക്കു മാത്രമേ ചടങ്ങുകളെയും മന്ത്രങ്ങളെയും കുറിച്ച് അറിയൂ. അവർ മറ്റാർക്കും ഇത് പഠിപ്പിക്കില്ല. അതിൽനിന്നും മാറ്റം വരുത്തി ഗോത്രത്തിലെ മറ്റു ആളുകൾക്കും പഠിപ്പിച്ച് കൊടുത്തത് കാളനായിരുന്നു. ഗോത്രജീവിതത്തിൽ നിലനിന്നിരുന്ന ഒരു തരം പൗരോഹിത്യത്തെ ചോദ്യം ചെയ്യുകയായിരുന്നു, കർമാനുഷ്ഠാന നേതൃത്വം ജനകീയമാക്കുന്നതിലൂടെ.

രോഗം വന്ന് മരിക്കാറായാലും വൈദ്യചികിത്സക്ക് പോകാതെ ഗദ്ദികയിൽ മാത്രം വിശ്വസിച്ച് കഴിഞ്ഞിരുന്ന ജനതയോട്, ഗദ്ദിക കൊണ്ട് മാത്രം രോഗം മാറില്ലെന്നും വൈദ്യസഹായം നിർബന്ധമാണെന്നും ഓർമപ്പെടുത്തിയത് കാളനായിരുന്നു. മാനന്തവാടി സർക്കാർ ആശുപത്രിയിലേക്ക് അതോടെ തൃശിലേരിയിൽനിന്ന് ആളുകൾ ആദ്യമായി പോകാൻ തുടങ്ങി.

### ഗദ്ദികയുടെ ജനകീയത

ദുഷ്ടാത്മാക്കളുടെ ബാധകളിൽനിന്നും രോഗപീഡകളിൽനിന്നും മോചനം നേടുന്നതിനായി വയനാട്ടിലെ ആദിവാസി വിഭാഗമായ അടിയാൻ സമുദായക്കാർ നടത്തിപ്പോരുന്ന ഒരു മന്ത്രവാദ അനുഷ്ഠാന കലയാണ് ഗദ്ദിക. ഗദ്ദിക എന്ന വാക്കിന് അടിയാൻ ഗോത്രഭാഷയിൽ ശാന്തി എന്നാണ് അർത്ഥം. സ്ത്രീകൾക്ക് സുഖപ്രസവം നടക്കാനും ആളുകൾക്കുണ്ടാവുന്ന എല്ലാ രോഗങ്ങൾ മാറാനും ഗദ്ദികയിലൂടെ കഴിയും എന്ന് അടിയാൻമാർ വിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു.

മറ്റൊരു ചികിത്സയും സ്വീകരിക്കാതെ ഗദ്ദികയിലൂടെ തന്നെ തങ്ങളുടെ രോഗം മാറുമെന്നും നാട്ടിലും കുടുംബത്തിലും ഐശ്വര്യം ഉണ്ടാകുമെന്നും വിശ്വസിച്ചിരുന്ന കാലം. ക്രമേണ, രോഗം വന്നാൽ വൈദ്യചികിത്സയെ അടിയാൻമാർ ആശ്രയിച്ചു തുടങ്ങിയെങ്കിലും ഗദ്ദികയിലുള്ള വിശ്വാസം ഇപ്പോഴും കൈവിട്ടിട്ടില്ല. ഒരു അനുഷ്ഠാന മന്ത്രവാദ കലയായി ഇപ്പോഴും ഗദ്ദികയ്ക്ക് ആദിവാസി വിഭാഗമായ അടിയാൻമാർക്കിടയിൽ പ്രസക്തിയും പ്രചാരവുമുണ്ട്.

ആദിവാസി കുടിലുകളിൽ നിന്നും ഗോത്ര വൃത്തത്തിൽനിന്നും ഗദ്ദിക എന്ന ആദിവാസി മാന്ത്രികാനുഷ്ഠാന കലയെ ജനകീയ കലാരൂപമാക്കി, ഇന്ന് കാണുന്ന രീതിയിലാക്കി മാറ്റുന്നത് പി.കെ. കാളൻ എന്ന ആദിവാസി നവോത്ഥാന നായകനാണ്. ഗദ്ദികയെ ഇന്ത്യയിലെ വിവിധ വേദികളിൽ അവതരിപ്പിച്ച് അതിനെ പൊതുസമൂഹത്തിന്റെ ശ്രദ്ധയിലേക്ക് അദ്ദേഹം കൊണ്ടുവന്നു. 1984ൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിലാണ് ഗദ്ദിക ആദ്യമായി വയനാടിനു പുറത്ത് പൊതുവേദിയിൽ ശ്രദ്ധേയമായി അവതരിപ്പിക്കുന്നത്. പി.കെ. കാളന്റെ നേതൃത്വത്തിലായിരുന്നു അവതരണം.

കാളന്റെ പെങ്ങളുടെ മകൻ പി.കെ കരിയനാണ് ഇപ്പോൾ ഗദ്ദികയ്ക്ക് നേതൃത്വം കൊടുക്കുന്നത്. തൃശ്ശിലേരിയിൽ പ്രവർത്തിക്കുന്ന പി.കെ. കാളൻ സ്മാരക ഗോത്ര കലാപഠന ഗവേഷണകേന്ദ്രത്തിന്റെ നേതൃത്വത്തിലാണ് അവതരണം നടക്കുന്നത്. നിലവിൽ ഈ സംഘം മാത്രമേ ഗദ്ദിക അവതരിപ്പിക്കുന്നവരുള്ളൂ എന്നാണ് അറിയാൻ കഴിയുന്നത്.

**രാഷ്ട്രീയപ്രവർത്തനം**

ആദിവാസിരാഷ്ട്രീയം ഭാവിയിൽ എന്തായിരിക്കണമെന്ന സന്ദേശം 1940 കളോടെ രാഷ്ട്രീയത്തിൽ പ്രവർത്തിച്ചു തുടങ്ങിയ പി.കെ. കാളന്റെ പ്രവർത്തനങ്ങളിൽ കാണാനാകും. സഖാവ് വർഗീസിന്റെ പ്രവർത്തനങ്ങളിൽ ഒരു ഘട്ടത്തിൽ സഹകരിക്കുന്ന കാളൻ, വർഗീസ് സായുധവിപ്ലവത്തിന്റെ വഴി തിരഞ്ഞെടുത്തതോടെ അതിൽ നിന്ന് വഴിപിരിഞ്ഞു പോകുന്നത് ഒരു ദീർഘകാല ആദിവാസി രാഷ്ട്രീയം മുന്നിലുള്ളതു കൊണ്ടുതന്നെയായിരുന്നു. കണ്ണൂർ കർഷക സംഘം ആപ്പീസ് സെക്രട്ടറിയായിരുന്ന എ. വർഗീസ്, ആദിവാസി സംഘം വയനാട് ഘടകം ജനറൽ സെക്രട്ടറിയായിരുന്ന കെ.കെ. കണ്ണന്റെ ആവശ്യപ്രകാരമാണ് 1960 കളിൽ വയനാട്ടിലെ ആദിവാസി കർഷക പ്രശ്നങ്ങളിൽ സജീവമാകുന്നത്. 1966ൽ കർ

ഷക തൊഴിലാളി യൂനിയൻ വടക്കേ വയനാട് താലൂക്ക് സെക്രട്ടറി യായി വർഗീസിനെ തെരഞ്ഞെടുത്തു. കാളനും ഈ സംഘത്തിൽ സജീവാംഗമായിരുന്നു. തൃശിലേരി, തിരുനെല്ലി പ്രദേശങ്ങളിലെ ചൂഷകരായ ജന്മിമാർക്കെതിരെ ആദിവാസികളെ സംഘടിപ്പിച്ച് സമരം നയിച്ച വർഗീസിനു ആദിവാസികൾക്കിടയിൽ പെട്ടെന്നു വലിയ സ്വീകാര്യത ലഭിച്ചു. കർഷക തൊഴിലാളി യൂനിയൻ പ്രവർ ത്തനങ്ങളിൽ നിന്നുകൊണ്ട് തന്റെ ലക്ഷ്യം നേടാനാകില്ലെന്നും സായുധവിപ്ലവമാണ് അതിനുള്ള വഴിയെന്നും വർഗീസ് കരുതുകയും 1968-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി വിട്ടുപോകാൻ തീരുമാനിക്കുകയും ചെയ്തു. വർഗീസ് സായുധവിപ്ലവത്തിന്റെ വഴി തിരഞ്ഞെടുത്ത തോടെ കാളൻ വർഗീസിനോട് വഴിപിരിഞ്ഞു. അതേക്കുറിച്ച് പി.കെ. കാളൻ പറയുന്നു:"കൂലി സമ്പ്രദായം വന്നതോടെയാണ് അയാൾ (വർഗീസ്) തീവ്രമായ രീതിയിൽ മറ്റൊരു പ്രസ്ഥാനം ഉണ്ടാക്കുവാൻ തുടങ്ങിയത്. കർഷകത്തൊഴിലാളി യൂനിയനിലൂടെ ആദിവാസി കൾക്ക് കൂടുതലൊന്നും നേടിയെടുക്കാൻ സാധിക്കില്ല എന്ന തോന്നലായിരുന്നു കാരണം. പുതിയ സംഘടനയുടെ പലമീറ്റിം ഗുകളിലും ഞാൻ പങ്കെടുത്തു. ആയുധമെടുത്തുള്ള പോരാട്ടത്തെ കുറിച്ചായിരുന്നു സംസാരം. വിപ്ലവം ആവശ്യമാണ്. അതിവിപ്ലവം ആപത്കരവുമാണ് എന്ന് ഞാൻ വർഗീസിനോട് വാദിച്ചു. അന്ന് ഞങ്ങൾ വഴിപിരിഞ്ഞു. പിന്നെ വർഗീസിനെ കാണുന്നത് അതി വിപ്ലവകാരിയായിട്ടാണ്. ആദിവാസികളെ നക്സൽ പ്രസ്ഥാനത്തി ലേക്ക് ആകർഷിക്കാൻ വേണ്ടി രാത്രികളിൽ വർഗീസ് കോളനി കളിലെത്തിയപ്പോൾ അതിന് തടയിടാൻ ഞാനും ഇറങ്ങി." (പി.കെ കാളൻ: ആദിവാസി ജീവിതത്തിന്റ സമരമുഖം-പുറം:18) വയനാട്ടിലെ ആദിവാസികളെ സായുധവിപ്ലത്തിന്റെ വഴിയിലേക്ക് തിരിച്ചുവിടാ നുള്ള വർഗീസിന്റെ ശ്രമങ്ങളും പി.കെ. കാളന്റെ ക്രിയാത്മക നില പാടുകളും നാം ഇവിടെ കാണുന്നു.

ആദിവാസി രാഷ്ട്രീയത്തിന്റെ അവകാശപോരാട്ടങ്ങളെ സായുധ വിപ്ലവത്തിന്റെ വഴിയിലേക്കും 'വോട്ട്ബാങ്ക്' അടിമപ്പണിയിലേക്കും കൊണ്ടുപോകാതെ, നിലവിലെ മുഖ്യധാരാരാഷ്ട്രീയ സംവിധാനങ്ങ ളിൽനിന്നുകൊണ്ട് ഒരു ശക്തിയാക്കാനാണ് പി.കെ കാളൻ ശ്രമിച്ചത്. മുത്തങ്ങസമരം തുടങ്ങുന്നതിനു മുമ്പുതന്നെ അതിന്റെ അപകടത്തെ ക്കുറിച്ച് സമരനേതാക്കളിൽ ഒരാളായ സി.കെ. ജാനുവിനോട് പി.കെ. കാളൻ പറയുന്നുണ്ട്. അത് റിസർവ് ഫോറസ്റ്റ് ആണെന്നും അവിടെ സമരം ചെയ്തതുകൊണ്ട് കാര്യമില്ലെന്നും ആദിവാസികളെ

കൊലയ്ക്ക് കൊടുക്കരുതെന്നും തന്റെ ബന്ധു കൂടിയായ ജാനുവിനോട് കാളേട്ടൻ പറഞ്ഞുവെങ്കിലും അവരതിൽ നിന്ന് പിന്തിരിഞ്ഞില്ല. (പി.കെ. കാളനും സി.കെ. ജാനുവും തമ്മിലുള്ള ഈ സംഭാഷണത്തിന് താൻ സാക്ഷിയായിരുന്നുവെന്ന് പി.കെ. കരിയൻ പറഞ്ഞു/ സഭാഷണം: 19-10-16) ജാനുവും ആദിവാസി രാഷ്ട്രീയവും ഇപ്പോൾ എവിടെ എത്തി നിൽക്കുന്നുവെന്ന് നോക്കുമ്പോൾ കാളന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകളുടെ സ്പെയ്സ് പിടികിട്ടും. താൻ പ്രതിനിധീകരിക്കുന്ന ജനതയിലേക്കും ദേശത്തിലേക്കും ആധുനിക പരോഗതിയുടെയും വിദ്യാഭ്യാസ അവസരങ്ങളുടെയും വെളിച്ചമെത്തിക്കാനുള്ള ശ്രമം ചെറിയ അളവിലെങ്കിലും ലക്ഷ്യത്തിലെത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് ആ നിലപാടിന്റെ സ്വീകാര്യതയാണ്. പക്ഷേ, കാളനു ശേഷം ആ കാഴ്ചപ്പാടുകളെ നയിക്കാൻ ആ വിഭാഗത്തിൽ നിന്നൊരാൾ ഉണ്ടായില്ല എന്നത് ഒരു രാഷ്ട്രീയ പരിമിതിയായി പരിണമിച്ചു എന്നു കാണാൻ കഴിയും.

സി.പി.എം. തിരുനെല്ലി ലോക്കൽ കമ്മിറ്റിയംഗം, കർഷകത്തൊഴിലാളി യൂനിയൻ ഏരിയ കമ്മിറ്റി പ്രസിഡന്റ്, ആദിവാസി ക്ഷേമ സമിതി സംസ്ഥാന സമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ച പി.കെ. കാളൻ 1977 ലെ മിച്ചഭൂമി സമരത്തിലും 2005ൽ ആദിവാസി ഭൂസമര സമിതിയുടെ നേതൃത്വത്തിൽ നടന്ന ജയിൽ നിറക്കൽ സമരത്തിലും പങ്കെടുത്ത് ജയിൽവാസം അനുഭവിച്ചു.

1990 ൽ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ച് വലിയ ഭൂരിപക്ഷത്തിന് വിജയിച്ചു. 1996 ൽ നടന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിച്ചു വിജയിച്ച് മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായി. 2006-07 കാലയളവിൽ കേരള ഫോക്ക്ലോർ അക്കാദമി ചെയർമാനായി.

ആദിവാസി രാഷ്ട്രീയത്തിലും സംസ്കാരത്തിലും നിറഞ്ഞുനിന്ന പി.കെ. കാളൻ എന്ന നവോത്ഥാന നായകൻ 2007 നവംബർ 12 നാണ് മരിക്കുന്നത്. ചുരുക്കത്തിൽ, ആദിവാസി സമൂഹത്തിന്റെ ആധുനിക ചരിത്രത്തിൽ പൊതുസമൂഹത്തിന് പരിചിതമായ ഒരു നാമമായിരുന്നു പി.കെ കാളന്റേത്. ഗോത്രവിഭാഗത്തിന്റെ സ്വത്വ ബോധത്തിന്റെ ആത്മവിശ്വാസപരമായ ഒരു തലത്തിൽ നിന്നുകൊണ്ടുതന്നെ പൊരുതി കാര്യങ്ങൾ സാധ്യമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹം ഇടപെട്ട മേഖലകളിലെല്ലാം അവ തെളിഞ്ഞു നിൽക്കുന്നതായും നാം കാണുന്നു.

**റഫറൻസ്:**

1 പി.കെ കരിയനുമായി നേരിട്ടു നടത്തിയ സംഭാഷണം/19-10-16, 07-12-16, 08-12-16.

2 ഡോ.അസീസ് തരുവണ, പി.കെ കാളൻ ആദിവാസി ജീവിതത്തിന്റെ സമരമുഖം, ചിന്ത പബ്ലിക്കേഷൻസ്, 2012.

3 ഒ.കെ ജോണി, വയനാട് രേഖകൾ, പാപ്പിയോൺ, 2001.

4 കെ. പാനൂർ, കേരളത്തിലെ ആഫ്രിക്ക, നാഷണൽ ബുക്ക് സ്റ്റാൾ.

5 ഡോ.എ.എം. ശ്രീധരൻ, ഫോക്‌ലോർ സമീപനങ്ങളും സാധ്യതകളും, മലയാള പഠന ഗവേഷണ കേന്ദ്രം, 2009.